**12 ദിവസമായി കോവിഡ് കെയർ സെന്ററിൽ ക്ലീനിങ് ഡ്യൂട്ടി. പിന്നീട് ക്വാറന്റൈനും മാതൃകയായി കോഴിക്കോട്ടെ ഈ സി.ഡി.എസ് അംഗങ്ങൾ**

കോവിഡ് 19ന്റെ ഭാഗമായി നാട്ടിലേക്ക് തിരിച്ചെത്തിയ പ്രവാസികൾക്കായി ഒരുക്കിയിരിക്കുന്ന കോവിഡ് കെയർ സെന്ററുകളിൽ ശുചീകരണമുൾപ്പെടെയുള്ള ജോലികളുടെ ഭാഗമായി കോഴിക്കോട്ടെ കുടുംബശ്രീ വനിതകൾ. ചാത്തമംഗലം എൻ.ഐ.ടി ക്യാമ്പസിലെ എം.ബി.എ ഹോസ്റ്റലിൽ ഒരുക്കിയിരിക്കുന്ന കോവിഡ് കെയർ സെന്ററിലാണ് ചാത്തമംഗലം സി.ഡി.എസ് അംഗങ്ങൾ കൂടിയായ കുടുംബശ്രീ വനിതകൾ ശുചീകരണം അടക്കമുള്ള സേവനങ്ങൾ ചെയ്യുന്നത്.

വെള്ളലശ്ശേരി സ്വദേശിനി കീഴേടത്ത് ഷീന കെ.ടിയും കള്ളൻതോട് സ്വദേശിനി തത്തമ്മപ്പറമ്പിൽ പി.പാർവതിയുമാണ് കഴിഞ്ഞ 12 ദിവസങ്ങളായി ചാത്തമംഗലം കോവിഡ് കെയർ കേന്ദ്രത്തിൽ തങ്ങി വിവിധ സേവനങ്ങൾ നൽകുന്നത്. ചാത്തമംഗലത്തെ കോവിഡ് കെയർ കേന്ദ്രത്തിൽ ഈ സേവനത്തിനായി ആളെ ആവശ്യമുണ്ടെന്ന് സി.ഡി.എസ് ചെയർപേഴ്സൺ അറിയിച്ചതോടെയാണ് ഇരുവരും ഇതിനായി മുന്നോട്ട് വന്നത്. കുടുംബാംഗങ്ങളോട് സംസാരിച്ച്, അവരെ പറഞ്ഞ് മനസ്സിലാക്കിയ ശേഷം തങ്ങൾ തയ്യാറാണെന്ന വിവരം ബന്ധപ്പെട്ടവരെ അറിയിക്കുകയായിരുന്നു.

മേയ് അഞ്ചിന് ചാത്തമംഗംലം പ്രൈമറി ഹെൽത്ത് സെന്റർ അധികൃതർ നൽകിയ ആരോഗ്യ സുരക്ഷാ പരിശീലനത്തിലും പങ്കെടുത്തു. എങ്ങനെ ശുചീകരണം നടത്താം, എന്തൊക്കെ സുരക്ഷാമാനദണ്ഡങ്ങൾ സ്വീകരിക്കണം, പി.പി.ഇ (പേഴ്സൺ

പ്രൊട്ടക്ഷൻ എക്വിപ്മെന്റ്) കിറ്റ് ധരിക്കുന്നതിനും ഊരുന്നതിനുമുള്ള പ്രത്യേക പരിശീലനം എന്നിവയെല്ലാം ഇവർക്ക് നൽകി. പിന്നീട് സെന്ററിൽ എത്തിയതിന് ശേഷം അവിടെയുള്ള വോളന്റിയർമാരും സഹായങ്ങൾ ചെയ്തു. മേയ് ഒമ്പത് മുതലാണ് ഇവർ കോവിഡ് കെയർ കേന്ദ്രത്തിൽ സേവനം ചെയ്ത് തുടങ്ങിയത്.

നിരീക്ഷണത്തിൽ കഴിയുന്നവർക്ക് അത്യാവശ്യമായി പറയുന്ന ഭക്ഷണ പാനീയങ്ങൾ തയ്യാറാക്കി നൽകൽ, നിരീക്ഷണത്തിൽ കഴിയുന്നവർക്ക് ഭക്ഷണം എത്തിക്കുമ്പോൾ അത് തരംതിരിച്ച് വ□ൽ എന്നീ പ്രവർത്തനങ്ങളും ശുചീകരണത്തിന് പുറമേ ഇവർ ചെയ്ത് നൽകുന്നു. 78 പേരാണ് ഇപ്പോൾ ഈ കേന്ദ്രത്തിൽ നിരീക്ഷണത്തിൽ കഴിയുന്നത്. സേവനങ്ങൾ നൽകിയ ശേഷം 14 ദിവസം ക്വാറന്റൈനും കഴിഞ്ഞശേഷം മാത്രമേ ഇവർക്ക് സ്വന്തം വീടുകളിലേക്ക് തിരികെ പോകാനാകൂ. എങ്കിലും ലോകമൊട്ടാകെ നേരിടുന്ന ഈ പ്രതിസന്ധിക്കെതിരേ പൊരുതുന്നതിൽ തങ്ങൾക്കും ഒരു പങ്ക് വഹിക്കാൻ കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യത്തിലാണ് ഇവർ.